REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 24-03-2024 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- ഇന്ത്യയുടെ ശരിയായ കാഴ്ചപ്പാടുകൾ അറിയിക്കുന്ന ഏജന്റായി മാധ്യമങ്ങൾ മാറണമെന്ന് ഉപരാഷ്ട്രപതി ജഗദീപ് ധൻഖർ.
- വേനൽകാലത്ത് ആശുപത്രികളിലെ തീപിടുത്തം തടയാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് കേന്ദ്രം സംസ്ഥാനങ്ങൾക്ക് നിർദേശം നൽകി.
- ഇന്ന് ലോക ക്ഷയരോഗ ദിനം.
- വിശുദ്ധ വാരാചരണത്തിനു തുടക്കം കുറിച്ച് ക്രൈസ്തവർ ഇന്ന് ഓശാന ഞായർ ആചരിക്കുന്നു.
- IPL ക്രിക്കറ്റിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിന് ജയം.

## വാർത്തകൾ വിശദമായി

രാജ്യത്തിന്റെ പ്രതിച്ഛായ കളങ്കപ്പെടുത്തുന്ന ആസൂത്രിത വിവരങ്ങൾക്ക് ഇരയാകുന്നതിനുപകരം ഇന്ത്യയുടെ ശരിയായ കാഴ്ചപ്പാടുകൾ അറിയിക്കുന്ന ഏജന്റായി മാധ്യമങ്ങൾ മാറണമെന്ന് ഉപരാഷ്ട്രപതി ജഗദീപ് ധൻഖർ പറഞ്ഞു. ന്യൂഡൽഹിയിൽ സ്വകാര്യ മാധ്യമ സ്ഥാപനത്തിന്റെ അവാർഡ്ദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു

അദ്ദേഹം. രാഷ്ട്രീയത്തിൽ ഇടപെടാതെ വസ്തുനിഷ്ഠമായി പ്രവർത്തിച്ച് ജനങ്ങളുടെ വിശ്വാസ്യത നേടുന്നതോടൊപ്പം കാവൽക്കാരായി തെറ്റായ വാർത്തകൾ തടണമെന്നും ഉപരാഷ്ട്രപതി പറഞ്ഞു.

ഇന്ത്യയുടെ അയൽരാജ്യത്തെ പീഡിപ്പിക്കപ്പെടുന്ന മതന്യൂനപക്ഷങ്ങൾക്ക് ആശ്വാസം നൽകാനാണ് പൗരത്വ നിയമ ഭേദഗതി ലക്ഷ്യമിടുന്നതെന്ന് ഉപരാഷ്ട്രപതി വ്യക്തമാക്കി. CAA ഒരു ഇന്ത്യൻ പൗരന്റെയും പൗരത്വം നഷ്ടപ്പെടുത്തുന്നില്ലെന്നും ധൻഖർ പറഞ്ഞു.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിൽ BJP സ്ഥാനാർത്ഥികളെ നിശ്ചയിക്കാൻ ഇന്നലെ ഡൽഹിയിലെ പാർട്ടി ആസ്ഥാനത്ത് കേന്ദ്ര തെരഞ്ഞെടുപ്പ് സമിതി യോഗം ചേർന്നു. മൂന്ന് മണിക്കൂറോളം ചർച്ച നടത്തിയാണ് സ്ഥാനാർത്ഥികളുടെ പട്ടികയ്ക്ക് രൂപം നൽകിയത്. എന്നാൽ പട്ടിക പുറത്തു വിട്ടിട്ടില്ല. പ്രധാനമന്ത്രി നരേന്ദ്രമോദി, പാർട്ടി ദേശീയ അധ്യക്ഷൻ JP നദ്ദ, കേന്ദ്ര മന്ത്രിമാരായ അമിത് ഷാ, രാജ്നാഥ് സിംഗ്, UP മുഖ്യമന്ത്രി യോഗി ആദിത്യ നാഥ് തുടങ്ങിയവരും സമിതിയംഗങ്ങളും സംസ്ഥാന ഭാരവാഹികളും യോഗത്തിൽ പങ്കെടുത്തു.

✪✪✪

വാരണാസി ലോക്സഭാ സീറ്റിൽ പ്രധാനമന്ത്രി നരേന്ദ്രമോദിക്കെതിരെ ഉത്തർപ്രദേശ് കോൺഗ്രസ് പ്രസിഡന്റ് അജയ് റായ്-യെ മത്സരിപ്പിക്കാൻ തീരുമാനിച്ചു.

മുതിർന്ന കോൺഗ്രസ് നേതാവ് ദിഗ് വിജയ് സിംഗ് മധ്യപ്രദേശിൽ നിന്നാണ് മത്സരിക്കുന്നത്. ഇന്നലെ 45 പേരുടെ മറ്റൊരു സ്ഥാനാർത്ഥി പട്ടിക കൂടി കോൺഗ്രസ് പുറത്തുവിട്ടു. ഡാനിഷ് അലി, UP -യിലെ അംറോഹ മണ്ഡലത്തിലും കാർത്തി ചിദംബരം തമിഴ്നാട്ടിലെ ശിവഗംഗയിലും മാണിക്യം ടാഗോർ തമിഴ്നാട്ടിലെ വിരുദ് നഗറിലും മത്സരിക്കും.

✪✪✪

ഡൽഹി മദ്യനയ അഴിമതിയിൽ മുഖ്യമന്ത്രി അരവിന്ദ് കെജ്-രിവാളാണ് മുഖ്യ ആസൂത്രകനെന്ന് BJP നേതാവ് അനുരാഗ് സിംഗ് ഠാക്കൂർ കുറ്റപ്പെടുത്തി. കേസിൽ അറസ്റ്റിൽ ആയിട്ടും കെജ്-രിവാൾ മുഖ്യമന്ത്രി സ്ഥാനം രാജിവെക്കാത്തതിനെ അദ്ദേഹം നിശിതമായി വിമർശിച്ചു. പഞ്ചാബിൽ AAP അധികാരത്തിലെത്തിയാൽ മദ്യത്തിനും മയക്കുമരുന്നിനും എതിരെ പ്രചാരണം നടത്തുമെന്ന് പ്രഖ്യാപിച്ച നേതാവായിരുന്നു കെജ്-രിവാളെന്നും കഴിഞ്ഞ ദിവസം 20 പേരാണ് വ്യാജ മദ്യം കഴിച്ച് അവിടെ മരിച്ചതെന്നും ഠാക്കൂർ പറഞ്ഞു.

✪✪✪

വേനൽകാലത്ത് ആശുപത്രികളിലെ തീപിടുത്തം തടയാൻ അടിയന്തര നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര ആരോഗ്യമന്ത്രാലയം സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും കത്തയച്ചു. വേനൽകാലത്ത് ചൂടുകൂടുന്നത് ആശുപത്രികളിലെ തീപിടുത്ത സാധ്യത വർധിപ്പിക്കും. ഈ സാഹചര്യത്തിൽ അഗ്നിരക്ഷാ ഉപകരണങ്ങൾ കൃത്യമായ

ഇടവേളകളിൽ പരിശോധിക്കണമെന്ന് ആരോഗ്യ സെക്രട്ടറി അപൂർവചന്ദ്ര കത്തിൽ ആവശ്യപ്പെട്ടു. സംസ്ഥാന ആരോഗ്യവകുപ്പുകൾ ദുരന്തനിവാരണ അതോറിറ്റിയുമായി ചേർന്നു പ്രവർത്തിക്കാനും മന്ത്രാലയം നിർദേശം നൽകി.

✪✪✪

ഇന്ന് ലോക ക്ഷയരോഗദിനം. ക്ഷയരോഗത്തിന്റെ ആരോഗ്യ - സാമൂഹ്യ - സാമ്പത്തിക പ്രത്യാഘാതങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കാനും ആഗോളതലത്തിൽ ക്ഷയരോഗത്തെ ഇല്ലാതാക്കാനും ലക്ഷ്യമിട്ടാണ് ദിനാചരണം.

ഡെസ്ക് റിപ്പോർട്ട്

..........വോയ്സ്........

ക്ഷയരോഗ നിയന്ത്രണത്തിലെ വെല്ലുവിളികളെക്കുറിച്ച് അവബോധം നൽകാനും പ്രതിരോധ ശ്രമങ്ങളെ പിന്തുണയ്ക്കാനും ദിനാചരണം പ്രധാനമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു പറഞ്ഞു. നേരത്തെ രോഗബാധ കണ്ടെത്തി ശരിയായ ചികിത്സയിലൂടെ ക്ഷയരോഗ നിർമാർജനം സാധ്യമാക്കുന്നതിന്റെ പ്രാധാന്യം ഈ ദിനം ഓർമിപ്പിക്കുന്നതായി രാഷ്ട്രപതി സന്ദേശത്തിൽ പറഞ്ഞു.

അതെ, നമുക്ക് ക്ഷയരോഗം അവസാനിപ്പിക്കാം' എന്നതാണ് ഈവർഷത്തെ ദിനാചരണ പ്രമേയം. ഐക്യരാഷ്ട്രസംഘടനയുടെ 2023-ലെ ഉന്നതതലയോഗത്തിൽ ക്ഷയരോഗ നിർമാർജനത്തിനായി കൈക്കൊണ്ട തീരുമാനങ്ങൾ പ്രാവർത്തികമാക്കാനാണ് ഈ വർഷത്തെ

ക്ഷയരോഗനിർമാർജന പ്രവർത്തനങ്ങൾ ആഗോളതലത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

✪✪✪

ജമ്മു കശ്മീരിൽ സുരക്ഷാ സേന ഭീകര സംഘടന ജയ്ഷെ മുഹമ്മദിന്റെ ഒരു കേന്ദ്രം തകർത്തു. നാല് ഭീകര പ്രവർത്തകരെ ശ്രീ നഗറിൽ നിന്ന് അറസ്റ്റ് ചെയ്തിട്ടുണ്ട്. ഒട്ടേറെ ആയുധങ്ങളും വെടിക്കോപ്പുകളും സംഭവ സ്ഥലത്തു നിന്ന് കണ്ടെടുത്തു.

✪✪✪

വിശുദ്ധ വാരാചരണത്തിനു തുടക്കം കുറിച്ച് ലോകമെങ്ങും ക്രൈസ്തവർ ഇന്ന് ഓശാന ഞായർ ആചരിക്കുന്നു. യേശുക്രിസ്തുവിന്റെ ജറുസലേം പ്രവേശനത്തിന്റെ ഓർമ പുതുക്കി കുരുത്തോലകളേന്തി ക്രൈസ്തവ വിശ്വാസികൾ നഗര പ്രദക്ഷിണം നടത്തും. ദേവാലയങ്ങളിൽ പ്രത്യേക പ്രാർത്ഥനകളും ഉണ്ടായിരിക്കും.

സഹനത്തിന്റെയും കുരിശുമരണത്തിന്റെയും ദിനങ്ങളായ പീഡാനുഭവ വാരത്തിന് ഇതോടെ തുടക്കമാവും. അന്ത്യ അത്താഴ സ്മരണ പുതുക്കുന്ന പെസഹ വ്യാഴം, കുരിശു മരണ ദിനമായ ദുഃഖവെള്ളി എന്നീ ആത്മീയ ദിനങ്ങൾ കടന്ന് യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പിന്റെ സ്മരണകളുണർത്തുന്ന ഈസ്റ്ററോടെ വിശുദ്ധവാരാചണത്തിന് പരിസമാപ്തിയാകും. ഉയിർപ്പ് ഞായറോടെ അമ്പതിന് നോമ്പിനും സമാപനമാകും.

✪✪✪

ത്രികോണ മത്സരം നടക്കുന്ന തിരുവനന്തപുരം ലോക് സഭാ മണ്ഡലത്തിൽ മൂന്നു മുന്നണികളുടെ സ്ഥാനാർത്ഥികളും ആദ്യ ഘട്ട പ്രചാരണത്തിന്റെ തിരക്കിലാണ്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്

...........വോയ്സ്.........

✪✪✪

കോഴിക്കോട് ജില്ലയിലെ ലോക്സഭാ മണ്ഡലങ്ങളിൽ തെരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമായി തുടരുന്നു. മൂന്ന് മുന്നണികളുടെയും സ്ഥാനാർത്ഥികൾ മണ്ഡലങ്ങളിലെ പ്രമുഖരെ നേരിൽ കണ്ട് വോട്ട് അഭ്യർത്ഥിക്കാനും അനുഗ്രഹാശിസ്സുകൾ നേടാനും സമയം ചെലവഴിച്ചു.

ഡെസ്ക് റിപ്പോർട്ട്

..........വോയ്സ്..........

UDF സ്ഥാനാർഥി M.K.രാഘവൻ മുൻ കേന്ദ്രമന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായ K.P ഉണ്ണികൃഷ്ണനെ അദ്ദേഹത്തിന്റെ വസതിയിൽ എത്തി സന്ദർശിച്ചു.

NDA സ്ഥാനാർഥി M.T രമേശ് എഴുത്തുകാരൻ P.R നാഥനെയും തുടർന്ന് ചലച്ചിത്ര താരങ്ങളായ നിത്യ ദാസ്, K.K ഭാസി തുടങ്ങിയവരെയും നേരിൽ കണ്ടു.

LDF സ്ഥാനാർഥി എളമരം കരീമിന്റെ വികസന സംവാദം ഹോട്ടൽ ട്രിപ്പന്റയിൽ ഇന്ന് നടക്കും. വികസന വിഷയങ്ങൾ

ചർച്ചയാകുന്ന സംവാദത്തിൽ ജോൺ ബ്രിട്ടാസ് M.P മോഡറേറ്ററായിരിക്കും.

വടകരയിലെ UDF സ്ഥാനാർത്ഥി ഷാഫി പറമ്പിൽ ഇന്നലെ തലശേരി മണ്ഡലത്തിൽ പര്യടനം നടത്തി. പയ്യോളി അങ്ങാടിയിൽ കേളപ്പജിയുടെ വിട്ടിലെത്തി പുഷ്പാർച്ചന നടത്തിയായിരുന്ന NDA സ്ഥാനാർഥി പ്രഫുൽ കൃഷ്ണൻ പേരാമ്പ്ര മണ്ഡലത്തിലെ രണ്ടാം ഘട്ട പ്രചരണത്തിന് ഇന്നലെ തുടക്കമിട്ടത്.

LDF സ്ഥാനാർത്ഥി K.K ശൈലജ ഭവന സന്ദർശനത്തിലും കുടുംബ സദസ്സുകളിലും പങ്കെടുത്ത് പ്രചാരണത്തിൽ മുഴുകിയിരിക്കുകയാണ്.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിൽ സംസ്ഥാനത്ത് രണ്ടിടത്ത് മത്സരിക്കാൻ NCP തീരുമാനിച്ചു. ആറ്റിങ്ങലിൽ സെയ്ഫുദ്ദീൻ, പാലക്കാട്ട് മുഹമ്മദ് എന്നിവരാണ് സ്ഥാനാർത്ഥികൾ. എറണാകുളത്ത് ഇന്നലെ ചേർന്ന സംസ്ഥാന കമ്മറ്റി യോഗമാണ് സ്ഥാനാർത്ഥികളെ തീരുമാനിച്ചത്. മഹാരാഷ്ട്രയിൽ NDA യ്ക്ക് ഒപ്പമാണെന്ന വാദം ഉന്നയിച്ച് കേരളത്തിൽ NCP-യെ മാറ്റി നിർത്തുന്ന നിലപാടാണ് LDF സ്വീകരിച്ചിരിക്കുന്നതെന്ന് അവർ കുറ്റപ്പെടുത്തി.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഗവൺമെന്റ് ജീവനക്കാരായ ബൂത്ത് ലെവൽ ഓഫീസർമാർക്ക് ഏപ്രിൽ ഒന്നിനകം ഒരു ദിവസം ഡ്യൂട്ടി ലീവ്

അനുവദിക്കാൻ വകുപ്പ് മേധാവികൾക്ക് അനുമതി നൽകി. സംസ്ഥാന ചീഫ് ഇലക്ടറൽ ഓഫീസർ സഞ്ജയ് കൗൾ ഇത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചു.

✪✪✪

തൃശ്ശൂർ ജില്ലയിൽ തെരഞ്ഞെടുപ്പിന് വോട്ടർമാരുടെ പങ്കാളിത്തം ഉറപ്പാക്കാനും വോട്ടർമാർക്ക് ബോധവൽക്കരണം നടത്തുന്നതിനും റോബോട്ടുകളെ ഉപയോഗപ്പെടുത്തും. പരിപാടി മുഖ്യ തിരഞ്ഞെടുത്ത് ഓഫീസർ സഞ്ജയ് കൗൾ കൊച്ചിയിൽ ഉദ്ഘാടനം ചെയ്തു.

തൃശൂർ ജില്ലയിലെ പ്രധാന മാളുകളിലും പരിസരങ്ങളിലും പ്രചാരണ പ്രവർത്തനങ്ങൾക്ക് റോബോട്ടുകൾ ഉപയോഗിക്കുമെന്ന് തൃശ്ശൂർ ജില്ലാ കളക്ടർ കൃഷ്ണ തേജ പറഞ്ഞു.

✪✪✪

ഇന്ത്യയെ മതാധിഷ്ഠിത രാജ്യമാക്കാൻ ചിലർ ശ്രമിക്കുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ കാഞ്ഞങ്ങാട്ട് കുറ്റപ്പെടുത്തി. പൗരത്വ നിയമ ഭേദഗതിക്കെതിരെ സംഘടിപ്പിച്ച പ്രക്ഷോഭ പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

✪✪✪

IPL ക്രിക്കറ്റിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിന് ജയം. കൊൽക്കത്തയിൽ സൺറൈസേഴ്സ് ഹൈദരാബാദിനെ നാല് റൺസിനാണ് അവർ പരാജയപ്പെടുത്തിയത്.

ഇന്ന് ആദ്യ മത്സരത്തിൽ രാജസ്ഥാൻ റോയൽസ്, ലക്നൗ സൂപ്പർ ജയന്റ്സിനെ നേരിടും. ജയ്പൂരിൽ വൈകീട്ട് 3.30നാണ് മത്സരം. രണ്ടാം മത്സരത്തിൽ വൈകീട്ട് 7.30 ന് അഹമ്മദാബാദിൽ ഗുജറാത്ത് ടൈറ്റൻസ്- മുംബൈ ഇന്ത്യൻസിനെ നേരിടും.

✪✪✪

ഇന്ത്യൻ വനിതാ ലീഗ് ഫുട്ബോളിൽ സീസണിലെ അവസാന മത്സരത്തിൽ ഗോകുലം ഇന്ന്, ഈസ്റ്റ് ബംഗാളിനെ നേരിടും. വൈകിട്ട് മൂന്നരയ്ക്ക് കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിലാണ് മത്സരം. 26 പോയിന്റുമായി ഗോകുലം രണ്ടാം സ്ഥാനത്താണ്. ഒഡീഷയാണ് ഒന്നാമത്.

✪✪✪

ഐലീഗ് ഫുട്ബോളിൽ ഗോകുലം കേരള FCക്ക് തോൽവി. എതിരില്ലാത്ത രണ്ടു ഗോളിന് ഡൽഹി FC-യാണ് ഗോകുലം കേരളയെ പരാജയപ്പെടുത്തിയത്. ഇതോടെ പോയിന്റ് പട്ടികയിൽ നാലാമതുണ്ടായിരുന്ന ഗോകുലം അഞ്ചാം സ്ഥാനത്തേക്ക് താഴ്ന്നു. 48 പോയിന്റോടെ മുഹമ്മദൻസാണ് ഒന്നാമത്.

✪✪✪

സംസ്ഥാനത്ത് കടുത്ത ചൂട് തുടരുന്നു. ഈ മാസം 27 വരെ കൊല്ലം, പാലക്കാട് ജില്ലകളിൽ 39 ഡിഗ്രി സെൽഷ്യസ് വരെ, പകൽ താപനില ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

✪✪✪